പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കിടത്തി ചികിത്സയുള്ള ആരോഗ്യകേന്ദ്രങ്ങളാക്കാൻ നടപടി

10 (8070) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഒ.പി. വിഭാഗത്തിൽമാത്രം ചികിത്സ നൽകിയിരുന്ന ഏതെങ്കിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കിടത്തി ചികിത്സ കൂടിയുള്ള ആശുപത്രികളായി ഉയർത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് ഏതൊക്കെ ആശുപത്രികളെയാണെന്നും ഇതിനായി എത്ര ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടി വന്നുവെന്നും വെളിപ്പെടുത്തുമോ ;

(ബി) കിടത്തി ചികിത്സയ്ക്ക് പര്യാപ്തമായ രീതിയിൽ ആശുപത്രികളെ ഉയർത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 7 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ സി.എച്ച്.സി.-കളാക്കി പദവി ഉയർത്തിയിട്ടുണ്ട്. ഇവയുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1. പള്ളിക്കൽ, തിരുവനന്തപുരം ജില്ല
2. ഊർങ്ങാട്ടിരി, മലപ്പുറം ജില്ല
3. കൂട്ടുമുഖം, കണ്ണൂർ ജില്ല
4. കോടഞ്ചേരി, കോഴിക്കോട് ജില്ല
5. വാകത്താനം, കോട്ടയം ജില്ല
6. അയർക്കുന്നം, കോട്ടയം ജില്ല
7. ചിറ്റാർ, പത്തനംതിട്ട ജില്ല

പള്ളിക്കൽ സി.എച്ച്.സി.-യിൽ 12 (പന്ത്രണ്ട്), ഊർങ്ങാട്ടിരിയിൽ 10 (പത്ത്), കൂട്ടുമുഖം-7 (ഏഴ്), വാകത്താനം-5 (അഞ്ച്), അയർക്കുന്നം-15 (പതിനഞ്ച്) എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആശുപത്രികളിലെ കെട്ടിട സൗകര്യങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, ശരാശരി ഒ.പി., ഐ.പി. സേവനം ആവശ്യമായി വരുന്ന രോഗികളുടെ എണ്ണം, സമീപ പ്രദേശത്ത് ഐ. പി. സൗകര്യം, നിലവിലുള്ള മറ്റ് സ്ഥാപനങ്ങൾ നിലവിലുണ്ടോ തുടങ്ങിയവ പരിഗണിച്ചാണ് കിടത്തി ചികിത്സ അനുവദിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly